ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) ഉണ്ട്.
(ഡി) തീരുമാനമായിട്ടില്ല.

ആലുവാ താലൂക്ക് ആശുപത്രി

61 [69] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉൽഘാടനം കഴിഞ്ഞിട്ട് ഒരു വർഷത്തോളമായിട്ടും ആലുവാ താലൂക്ക് ആശുപത്രിയുടെ പുതിയ വാർഡിന് ആവശ്യമുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട്ടു ജില്ലയിലെ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെൻററിലെ ജല വിതരണം

62 [70] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെൻററിൽ വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
(ബി) ഇല്ല.
(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly